പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4162 — 21. 07. 2015-ൽ മറുപടിക്ക്

## നഗരങ്ങളുടെ മുഖഛായ മാറ്റാൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ. ശിവദാസൻ നായർ | | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് നഗരങ്ങളുടെ മുഖഛായ മാറ്റാൻ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) | നഗരങ്ങളുടെ മുഖഛായ മാറ്റാൻ ഉതകുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് മുന്നോടിയായി അതിനാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി. പി.ആർ) തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായം നൽകുന്നതിനായി 'അർബൻ 2020' എന്ന പദ്ധയിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | കേന്ദ്രസർക്കാരും മറ്റ് ഫണ്ടിംഗ് ഏജൻസികളും നൽകി വരുന്ന നഗര വികസന ഫണ്ടുകൾ നേടിയെടുക്കുന്നതിനും അതുപയോഗിച്ച് അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിനും ഉതകുന്ന വിശദവും യോഗ്യവുമായ ഡി.പി.ആറുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക സാമ്പത്തിക സഹായം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (സി) | ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; | (സി) | കെ.എസ്.യു.ഡി.പി യെയാണ് അർബൻ 2020 പദ്ധതിയുടെ നോഡൽ ഏജൻസിയായി നിയോഗിക്കപ്പെട്ടിട്ടുള്ളത്. ഡി.പി.ആറുകൾ തയ്യാറാക്കുന്നതിന് വിവിധ മേഖലകളിൽ പ്രവീണ്യം തെളിയിച്ചിട്ടുള്ള 31 കൺസൾട്ടൻസി സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽപ്പെടുന്ന ഏത് കൺസൾട്ടൻസി സ്ഥാപനത്തിന്റെയും സഹായം ഡി.പി.ആറുകൾ തയ്യാറാക്കുന്ന സംഗതിയിൽ കേരളത്തിലെ എല്ലാ നഗരസഭകൾക്കും തേടാവുന്നതാണ്. |
| (ഡി) | ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (ഡി) | അർബൻ 2020 പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു. |

1. കെ.എസ്.യു.ഡി.പി.യെ അർബൻ 2020 പദ്ധതിയുടെ നോഡൽ ഏജൻസിയായി നിയമിച്ചു.
2. നഗരസഭകൾ സമർപ്പിച്ച പ്രോജക്ട് ആശയങ്ങളിൽ നിന്നും അംഗീകാരം ലഭിക്കുന്നവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ) തയ്യാറാക്കുന്നതിന് വിവിധ മേഖലകളിൽ പ്രവീണ്യം തെളിയിച്ചിട്ടുള്ള 31 ഏജൻസികളെ തെരഞ്ഞെടുത്ത് എംപാനൽ ചെയ്തു.
3. നഗരസഭകൾ തയ്യാറാക്കി സമർപ്പിക്കുന്ന പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകൾ വിലയിരുത്തുന്നതിനും അംഗീകാരം നൽകുന്നതിനുമായി നാല് സംസ്ഥാനതല ടെക്നിക്കൽ എക്സ്പർട്ട് കമ്മിറ്റികൾ രൂപീകരിച്ചു.
4. 30 നഗരസഭകൾക്ക് അവർ തെരഞ്ഞെടുത്ത കൺസൾട്ടൻസി സ്ഥാപനങ്ങൾ മുഖേന തയ്യാറാക്കിയ 1115 കോടി രൂപ അടങ്കലുള്ള 42 പദ്ധതികളുടെ ഡി.പി.ആറുകൾ തയ്യാറാക്കുന്നതിനുള്ള അനുമതി നൽകി. ഇതിൽ നിന്നും ആദ്യഘട്ടമെന്ന നിലയിൽ 7 നഗരസഭകളുടെ 7 പദ്ധതികളുടെ ഡി.പി.ആറുകൾ തയ്യാറാക്കുന്നതിനുള്ള ത്രികക്ഷി കരാർ 2015 ജൂലൈ 7-ാം തീയതി ഒപ്പു വച്ചു.

ഇതിനകം അംഗീകാരം ലഭിച്ചതിനു പുറമേ വിവിധ നഗരസഭകൾ സമർപ്പിച്ചിട്ടുള്ള പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകൾ വിലയിരുത്തുന്നതിനുള്ള നടപടികളും അംഗീകാരം നൽകിയ പി.പി.പി.ആറുകളുമായി ബന്ധപ്പെട്ട ഡി.പി.ആറുകൾ തയ്യാറാക്കുന്നതിനുള്ള ശേഷിക്കുന്ന ത്രികക്ഷി കരാർ ഒപ്പു വയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

Manjesh

സെക്ഷൻ ഓഫീസർ